ഉത്തരം

(എ)(ബി)&(ഡി) വിവരം ശേഖരിച്ചുവരുന്നു.

137 (2451) ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്കുള്ള റേഷൻ സബ്സിഡി

പ്രൊഫ. എ.വി. താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള കുടുംബങ്ങൾക്ക് ഇപ്പോൾ എന്തു വിലയ്ക്കാണ് റേഷൻ അരി നൽകുന്നത്;

(ബി) കേന്ദ്ര സർക്കാർ എത്ര ശതമാനം പേർക്കാണ് ദാരിദ്ര്യരേഖയ്ക്ക് താഴെ ഉൾപ്പെടുത്തി റേഷൻ നൽകുന്നത്;

(സി) സംസ്ഥാന സർക്കാർ ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ളവർക്ക് റേഷൻ കൊടുക്കുന്നതിന് സബ്സിഡി ഇനത്തിൽ പ്രതിവർഷം എത്ര രൂപ ചെലവാക്കുന്നു;

(ഡി) ദാരിദ്ര്യരേഖയ്ക്ക് മുകളിൽ ഉള്ളവർക്ക് എന്തു വിലയ്ക്കാണ് റേഷൻ അരി നൽകുന്നത്;

(ഇ) ഇവർക്ക് എന്തെങ്കിലും സബ്സിഡി സംസ്ഥാന സർക്കാർ നൽകുന്നുണ്ടോ; ഉണ്ടെങ്കിൽ എത്രയെന്ന് വിശദമാക്കുമോ;

(എഫ്)കേന്ദ്ര സർക്കാരിന്റെ പുതിയ ബഡ്ജറ്റ് നിർദ്ദേശംമൂലം ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ളവർക്കും മുകളിലുള്ളവർക്കും നൽകുന്ന റേഷൻ സാധനങ്ങളുടെ വിലയിൽ വർദ്ധനവുണ്ടാകുന്നുണ്ടോ; എങ്കിൽ എത്രയെന്ന് വ്യക്തമാക്കുമോ;

(ജി) നിലവിൽ ഉണ്ടായിരുന്ന നിരക്കിൽ റേഷൻ നൽകുന്നതിന് എത്രകോടി രൂപ അധികചെലവ് ഉണ്ടാകുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 1. പ്രതിമാസം 10 കിലോഗ്രാം അരി 4 രൂപ നിരക്കിൽ.

2. പ്രതിമാസം 16 കി.ഗ്രാം അരി 8.60 രൂപ നിരക്കിൽ.

3. ഇതിനു പുറമേ കാർഡിലെ അർഹത അനുസരിച്ചുള്ള അരി കിലോഗ്രാമിന് 9.60 രൂപ നിരക്കിൽ.

(ബി) കേന്ദ്ര സർക്കാർ സംസ്ഥാനത്തെ 25.43% കുടുംബങ്ങളെ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരായി കണക്കാക്കി റേഷൻ നൽകുന്നുണ്ട്.

(സി) കേന്ദ്ര സർക്കാർ കണ്ടെത്തിയ 25.43% കുടുംബങ്ങൾക്കു പുറമെ 17 ശതമാനത്തോളം കുടുംബങ്ങളെക്കൂടി ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരായി കണക്കാക്കി സംസ്ഥാന സർക്കാർ റേഷൻ നൽകുന്നുണ്ട്. ഈ ഇനത്തിൽ പ്രതിവർഷം ഏകദേശം 30 കോടി രൂപ സബ്സിഡിയായി ചെലവാക്കുന്നുണ്ട്.

(ഡി)&(ഇ) ദാരിദ്ര്യരേഖയ്ക്ക് മുകളിലുള്ള കാർഡുടമകൾക്ക് ആഴ്ചയിൽ 4 കി.ഗ്രാം അരി കിലോഗ്രാമിന് (1 രൂപ സബ്സിഡി കിഴിച്ച്) 8.60 രൂപയ്ക്കും കാർഡനുസരിച്ച് അർഹതപ്പെട്ട ബാക്കി വിഹിതം കിലോഗ്രാമിന് 9.60 രൂപയ്ക്കും നൽകിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) വില വർദ്ധനവ് ഉണ്ടായേക്കും. ഇതു സംബന്ധിച്ച നിർദ്ദേശം കേന്ദ്രത്തിൽനിന്നും ലഭിച്ചിട്ടില്ല. വില വർദ്ധനവിന്റെ തോത് ഇപ്പോൾ പറയാൻ പ്രയാസമാണ്.

(ജി) നിലവിലുള്ള ആനുകൂല്യങ്ങളോടുകോടി റേഷൻ നൽകുന്നതിന് പ്രതിവർഷം ഏകദേശം 225 കോടി രൂപ വേണ്ടിവരുമെന്നാണ് കണക്കാക്കുന്നത്.

138 (2452) റേഷൻ സബ്സിഡി നിലനിർത്താൻ നടപടി

<u>ശ്രീ. മാമ്മൻ മത്തായി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യധാന്യ സബ്സിഡി നിർത്തലാക്കുമെന്ന കേന്ദ്ര ബഡ്ജറ്റിലെ പ്രഖ്യാപനം കേരളത്തിലെ സ്റ്റാറ്റ്യൂട്ടറി റേഷനിംഗ് സമ്പ്രദായത്തെ എപ്രകാരം ബാധിക്കുമെന്ന് വ്യക്തമാക്കുമോ;

(ബി) ഇതുമൂലമുണ്ടാകുന്ന ബുദ്ധിമുട്ട് ഒഴിവാക്കാനായി സർക്കാർ എന്തെല്ലാം നടപടികൾ കൈക്കൊള്ളാനാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ;

(സി) സംസ്ഥാന ബഡ്ജറ്റിൽ റേഷൻ സബ്സിഡിക്കായി എന്തു തുകയാണ് നീക്കി വച്ചിരിക്കുന്നത്?

<u>ഉത്തരം</u>

(എ) ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള കുടുംബങ്ങൾക്ക് ഇപ്പോൾ പകുതി വിലയ്ക്ക് പ്രതിമാസം 10 കിലോ അരി നൽകുന്നത് 20 കിലോ ആയി വർദ്ധിപ്പിക്കുമെങ്കിലും അതിന്റെ വിലയും 4 രൂപയിൽനിന്നും 6 രൂപ 40 പൈസയായി വർദ്ധിക്കും. 17% കുടുംബങ്ങൾക്കു നൽകുന്ന സബ്സിഡി സംസ്ഥാനം വഹിക്കുന്നതിനാൽ ഇതിനുള്ള സംസ്ഥാനത്തിന്റെ സാമ്പത്തിക ഭാരം ഏറെ വർദ്ധിക്കും. ദാരിദ്ര്യരേഖയ്ക്കു മുകളിലുള്ള കുടുംബങ്ങൾക്കു നൽകുന്ന അരിയുടെ വില കിലോയ്ക്ക് 9 രൂപ 60 പൈസ എന്നത് 12 രൂപ 40 പൈസയായി വർദ്ധിക്കും. ആദായ നികുതിദായകർക്ക് റേഷൻ പഞ്ചസാര ലഭിക്കില്ല. പഞ്ചസാരവില കിലോയ്ക്ക് 13 രൂപയായി വർദ്ധിക്കും. ഇതിന്റെ യഥാർത്ഥ ഫലം, റേഷൻ സബ്സിഡി ദാരിദ്ര്യ രേഖയ്ക്കു താഴെ വരുന്ന കുടുംബങ്ങൾക്കു മാത്രമായി ചുരുക്കി എന്നതാണ്. അതായത് സംസ്ഥാനത്തിന് ഇപ്പോൾ സബ്സിഡി നിരക്കിൽ പ്രതിമാസം ലഭിച്ചുകൊണ്ടിരിക്കുന്ന 1,45,320 ടൺ അരിയുടെയും 37720 ടൺ ഗോതമ്പിന്റെയും സ്ഥാനത്ത്, പുതിയ കേന്ദ്ര തീരുമാന പ്രകാരം 30,700 ടൺ അരി മാത്രമേ സബ്സിഡി നിരക്കിൽ മേലിൽ ലഭിക്കുകയുള്ളൂ. ബാക്കി അരി എക്കണോമിക് കോസ്റ്റ് നൽകി സംസ്ഥാനം വാങ്ങി റേഷനായി വിൽക്കേണ്ടിവരുന്ന സ്ഥിതിയിലേക്കാണ് സംസ്ഥാനത്തിലെ സ്റ്റാറ്റ്യൂട്ടറി റേഷനിംഗ് സമ്പ്രദായം വന്നുപെട്ടിരിക്കുന്നത്.

സംസ്ഥാനത്ത് ആഴ്ചയിൽ 6 ദിവസവും തുറന്നു പ്രവർത്തിക്കുന്ന 15000ത്തോളം റേഷൻ ചില്ലറ വ്യാപാരികൾക്ക് തൊഴിൽരാഹിത്യം അനുഭവപ്പെടും. പൊതു വിപണിയിലും ഇതിന്റെ പ്രത്യാഘാതം ഉണ്ടാകും.

(ബി) കേന്ദ്ര തീരുമാനം പുനഃപരിശോധിക്കുവാനായി നിയമസഭ ഏകകണ്ഠമായി പാസാക്കിയ പ്രമേയം പ്രധാനമന്ത്രിക്ക് അയച്ചുകൊടുത്തിട്ടുണ്ട്. സംസ്ഥാനത്തുനിന്നുള്ള എം.പി.മാർ വഴിയും കഴിയുന്നത്ര സമ്മർദ്ദം

LIBRARY ARCHIVES Kerala Legislative Assembly